# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3819  24.06.2014-ൽ മറുപടിക്ക്**

**നികുതി പിരിവ് സംവിധാനത്തിന്റെ ന്യൂനതകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | നികുതി വരുമാന ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ചെക്ക് പോസ്റ്റ് പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇതു രേഖ പരിശോധനയിൽ ചുരുങ്ങാതെ, സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും ഓവർചെക്കിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ സംസ്ഥാനത്തിനകത്തെ ചരക്കു വാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ക്രോസ് വെരിഫിക്കേഷനു വേണ്ടി ബില്ല് കളക്ട് ചെയ്യുന്നുണ്ട്. പാഴ്സൽ, കുറിയർ ഏജൻസികളിൽ സമയബന്ധിതമായി പരിശോധന നടത്തുന്നുണ്ട്. റെയിൽവേ, തുറമുഖം, ടൂറിസ്റ്റ് വാഹന പരിശോധന എന്നിവയും കർശനമാക്കിയിട്ടുണ്ട്. ഇതിനുപുറമേ പുതു |

| | | | |
|---|---|---|---|
| | | | തായി രൂപവൽക്കരിച്ച Economic Intelligence Wing പുറം ഏജൻസികളിൽ നിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുമായി ഒത്തുനോക്കി വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നുണ്ട്. ഓൺലൈൻ ചെക്ക്പോസ്റ്റ് ഡിക്ലറേഷനും റിട്ടേണുമായി ഒത്തുനോക്കുന്ന സ്ക്രൂട്ടിണിയും കർശ്ശനമാക്കിയിട്ടുണ്ട്. നികുതി വെട്ടിപ്പ് കൂടുതൽ സാധ്യതയുള്ള ചരക്കുകളിൽ മുൻകൂർ നികുതി ഏർപ്പെടുത്തുകയും ആയതിൽ തറവില സമയാസമയങ്ങളിൽ പുനർ നിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. ഇറക്കുമതി ചെയ്യുന്ന സാധനങ്ങളിലെ നികുതി വെട്ടിപ്പു തടയുന്നതിനായി കസ്റ്റംസ് ഡിപ്പാർട്ട്മെന്റിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് cross verify ചെയ്യുന്ന സംവിധാനം ഊർജ്ജിതപ്പെടുത്തുന്നതിനായി Tax monitoring cell meeting-ൽ ഇത്തരം വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ക്ഷണിക്കുകയും മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അവലോകനം നടത്തുകയും തുടർ നടപടിക്കായി സ്ഥിരം സംവിധാനം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി വെട്ടിപ്പ് സംശയിക്കുന്ന കേസുകളിൽ ഓഡിറ്റ് വിസിറ്റ് നടത്തുന്ന സംവിധാനവും നിലവിലുണ്ട്. മേൽപറഞ്ഞ വിവിധ നടപടികളിലൂടെ നികുതി വെട്ടിപ്പ് ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നികുതി കുടിശ്ശിക ഫലപ്രദ മായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തി യിട്ടുണ്ട്. |
| (ബി) | ഇപ്പോഴുള്ള നികുതി പിരിവ് സംവിധാനത്തിന്റെ ന്യൂനത കൾ എന്തെല്ലാമാണെന്ന് പരി ശോധിച്ചിട്ടുണ്ടോ; വിശ ദാംശം വ്യക്തമാക്കാമോ; | (ബി) | ന്യൂനതകൾ ഉള്ളതായി ശ്രദ്ധ യിൽപ്പെട്ടിട്ടില്ല. |
| (സി) | സർക്കാരിന് ലഭിക്കേണ്ട നികുതികളും മറ്റും യഥാസ മയം ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ സംവിധാനം ഫലപ്രദ മായി പ്രവർത്തിക്കുന്നു ണ്ടെന്ന് ഉറപ്പ് വരുത്തിയി ട്ടുണ്ടോ? | (സി) | ഉണ്ട്. ഉത്തരം (എ) യിൽ പരാ മർശിച്ചിരിക്കുന്ന നടപടികളി ലൂടെ സർക്കാരിന് ലഭിക്കേണ്ട നികുതികളും മറ്റും യഥാസമയം ലഭിയ്ക്കുന്നത് ഉറപ്പ് വരുത്താറു ണ്ട്. |

**സെക്ഷൻ ഓഫീസർ**